പെരുങ്ങുഴി സബ് എഞ്ചിനീയർ ഓഫീസ്

133 (358) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്ങുഴിയിലെ സബ് എഞ്ചിനീയർ ഓഫീസ്, സെക്ഷൻ ഓഫീസായി ഉയർത്തണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. പുതിയ ഓഫീസുകളുടെ കാര്യം പരിഗണനയ്ക്ക് വരുമ്പോൾ പെരുങ്ങുഴിയുടെ കാര്യവും പരിശോധിക്കുന്നതാണ്.

മുളക്കുഴ ഇലക്ട്രിക്കൽ സെക്ഷൻ നൽകിയ പുതിയ കണക്ഷൻ

134 (359) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ഇലക്ട്രിക്കൽ സെക്ഷനിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട് ;

(സി) 31-1-2001-ലെ കണക്കനുസരിച്ച് ഇനി എത്ര പേർക്ക് കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് കൂടി വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2719 എണ്ണം.

(ബി) 213 പേർക്ക്.

(സി) 298 പേർക്ക്.

(ഡി) മെറ്റീരിയൽസിന്റെ ലഭ്യതയനുസരിച്ച് മുഴുവൻ പേർക്കും കണക്ഷൻ നൽകാൻ നടപടി കൈക്കൊള്ളുന്നതാണ്.

പാമ്പാടി സബ്സ്റ്റേഷന്റെ നവീകരണം

135 (360) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ പാമ്പാടി സബ്സ്റ്റേഷനിൽ നവീകരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാമ്പാടി പ്രദേശത്തെ വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അയർകുന്നത്ത് പുതിയതായി സ്ഥാപിക്കുന്ന സബ്സ്റ്റേഷന്റെ നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ സബ്സ്റ്റേഷൻ എത്രയുംവേഗം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് 4 എം.വി.എ. ട്രാൻസ്ഫോർമറുകളിൽ ഒരെണ്ണം മാറ്റി 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ച് കമ്മീഷൻ ചെയ്തു. രണ്ടാമത്തെ 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പാമ്പാടിയിൽ വിവിധ പ്രദേശങ്ങളിലായി വോൾട്ടേജ് കൂട്ടുന്നതിന് 5.96 കി.മീറ്റർ 11 കെ.വി. ലൈൻ വലിക്കുന്നതിനും 5 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും 1.2 കി.മീറ്റർ ത്രീഫേയ്സ് ലൈൻ വലിക്കുന്നതിനും 4.4 കി.മീറ്റർ സിംഗിൾ ഫേയ്സ് ലൈൻ ത്രീ ഫെയ്സാക്കി മാറ്റുന്നതിനുമുള്ള 7 ജോലികൾക്ക് അനുമതി നല്കിയിട്ടുണ്ട്. ജോലികൾ മുൻഗണനാക്രമത്തിൽ ചെയ്യുന്നതാണ്.

(സി) 2 ഏക്കർ സ്ഥലമെടുക്കുന്നതിനുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 29-1-2001-ൽ നെഗോഷിയേഷൻ കമ്മിറ്റി നടത്തിയ ചർച്ച 4.4 ഏക്കർ എടുക്കണമെന്ന വസ്തു ഉടമകളുടെ നിർബന്ധം മൂലം പരാജയപ്പെട്ടു.

(ഡി) സ്വീകരിക്കുന്നതാണ്.

ശ്രീ ഗോപിദാസിന്റെ കുടുംബത്തിനുള്ള സഹായം

136 (361) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ പാമ്പാടി വൈദ്യുത സബ്സ്റ്റേഷനിൽ ഉണ്ടായ അപകടത്തിൽ മരിച്ച ശ്രീ ഗോപിദാസിന്റെ കുടുംബത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടായ അനാസ്ഥകൊണ്ട് മരണപ്പെട്ട ശ്രീ. ഗോപിദാസിന്റെ കുടുംബത്തിന് സാധാരണ ഗതിയിൽ മരണമടയുന്നവർക്ക് നൽകുന്ന സഹായമേ നൽകിയുള്ളൂ എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഗോപിദാസിന്റെ കുടുംബത്തിന് കൂടുതൽ ആനുകൂല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഗോപിദാസിന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയായോ ; അതിന്റെ വിശദവിവരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly